# ST.STEPHEN'S H.S
# Pathanapuram

# DIGI VISTA



## 2018-2019

little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS



# എഡിറ്റോറിയൽ

വിവര സാങ്കേതിക വിദ്യയിൽ കുതിച്ചു ചാട്ടം നടത്തിക്കൊണ്ടിരിക്കുന്ന ലോകത്ത് കേരളാ വിദ്യാഭ്യാസ വകുപ്പും അസൂയാവാഹമായ നേട്ടം കൈവരിച്ചിരിക്കുന്നു. ഓരോ ക്ലാസ്സ് മുറികളും ഡിജിറ്റൽ ആകുന്നതോടുകൂടി പഠന സമ്പ്രദായത്തിന്റെ മുഖഛായതന്നെ മാറിയിരിക്കുന്നു. ആസ്വാദ്യതയോടും ആധികാരികതയോടും ആഴത്തിൽ പഠിക്കാൻ കുട്ടികൾക്ക് അവസരം ലഭിച്ചിരിക്കുന്നു.

ഈ മുന്നേറ്റത്തിൽ LITTLE KITES ന്റെ നേതൃത്വവും പങ്കാളിത്തവും പ്രശംസനീയമാണ്. വിവരവിനിമയരംഗത്ത് താൽപര്യമുള്ള കുട്ടികൾക്ക് കൂടുതൽ പ്രചോദനമേകാൻ ഈ സംരഭത്തിന് സാധിക്കുന്നുണ്ട്. ഈ ഡിജിറ്റൽ മാഗസിൻ ഇതിന് ഉത്തമ ഉദാഹരണമാണ്. ഉള്ളിൽതെളിയുന്ന സാഹിത്യ വാസനകളെയും വിജ്ഞാന ദർശനങ്ങളെയും ഡിജിറ്റൽ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരവും ഇത് വിദ്യാർത്ഥികൾക്ക് നൽകുന്നു.ലോകം വിരൽത്തുമ്പിൽ ആകുമ്പോഴും കാലത്തിന്റെ പുരോഗതിയിൽ കൈവിളക്കുകളാകുവാൻ ഈ വിദ്യാർഥി സമൂഹത്തിനു ഇത് എളിയ മുഖാന്തരമാകുമെന്ന് വിശ്വസിക്കുന്നു. ഇതിന് കരുത്ത് പകർന്ന എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു .

# ഉള്ളടക്കം

1. എഡിറ്റോറിയൽ.......................................................3

2. എഡിറ്റോറിയൽ ബോർഡ്.................................7

3. ഒരു അധ്യാപകന്റെ ചിന്തകൾ............................12

4. ഏതാണ് ശരി ?.....................................................14

5. എന്റെ അഭിനയ അനുഭവങ്ങളിലൂടെ..................16

6. മഴക്കാലം............................................................18

7. ഒരു വിദ്യാർത്ഥിയുടെ ചിന്തകൾ...................20

8. ഉയരം................................................22

9. ലിറ്റിൽകൈറ്റ്സിലെ അനുഭവങ്ങളിലൂടെ.........23

10. My Garden Smiles..................................25

11.Robotics.................................................28

12. Laugh Your Heart Out !!!..............................29

13. Winding Woods of Wayanad ....................32

14. The Months..........................................39

15. കൃതജ്ഞത..........................................................41

# OUR FOUNDER



## H.G. MAR THOMA DIONYSIUS

*Our Leading Light...*

# EDITORIAL BOARD




M. IJAS



SREEHARI .S



ASIF KHAN



KEVIN DANIEL



ASHITH S

# LITTLE KITES BATCH 2018-19



# ആശംസ



**ശ്രീ അലക്സ് ഡാനിയേൽ**
ഹെഡ്മാസ്റ്റർ

ഐ.റ്റി അധിഷ്ഠിത വിദ്യാഭ്യാസത്തിന് നമ്മുടെ നാട് മുന്നോട്ട് കുതിക്കുമ്പോൾ സെന്റ് സ്റ്റീഫൻസ് അതിനൊരു തിലകക്കുറിയായി ' ***DIGI VISTA*** ' തയ്യാറാക്കുന്നു. ഇതിന് എന്റെ എല്ലാ ഭാവുകങ്ങളും നേരുന്നു ...

# ആശംസ



**ശ്രീ സാം ജി**
ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ

**സാങ്കേതിക വിദ്യാഭ്യാസത്തിന് ഒരു പൊൻതൂവലായി *'DIGI VISTA'* മാറട്ടെ എന്ന് ആശംസിക്കുന്നു...**

# ആശംസ

സൗമ്യ പ്രസാദ്
എസ്. ഐ. റ്റി. സി

ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ ഉദ്യമത്തിന് എല്ലാവിധ ആശംസകളും നേരുന്നു. അതിനോടൊപ്പം തന്നെ ഇതിന്റെ പേര് അന്വർത്ഥമാകുംവിധം വദ്യാർത്ഥികളുടെ കാഴ്ചപ്പാട് കഴിവുറ്റതാകട്ടെ **എന്നാഗ്രഹിക്കുന്നു...**

സൗമ്യ പ്രസാദ്

# ഒരു അധ്യാപകന്റെ ചിന്തകൾ

ശ്രീ. സാം . ജി
[ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ ]

വിദ്യാഭ്യാസത്തിലൂടെ ആർജ്ജിച്ച സംസ്കാരത്തിനപ്പുറം നമുക്ക് ഒന്നും അവകാശപ്പെടാനില്ലെന്ന ചിന്തയാണ് ഉരുത്തിരിഞ്ഞു വരുന്നത്. ഗുരുകുല സമ്പ്രദായം ആയിരുന്നു ഭാരതത്തിലെ ആദ്യ വിദ്യാഭ്യാസ സമ്പ്രദായം.
ബാഹ്യബന്ധങ്ങളിൽ നിന്നും അകന്ന് ഗുരുവിലും പഠനത്തിലും മാത്രം ശ്രദ്ധ കേന്ദ്രീകരിച്ച് വിദ്യ അഭ്യസിച്ച ശിഷ്യന്, ഗുരുമുഖവും പ്രകൃതിയും പഠനോപാധികളായിരുന്നു. ഗുരു ശിഷ്യന് കാണപ്പെട്ട 'മൂർത്തി'യും ആയിരുന്നു.
ഗുരുശിഷ്യബന്ധത്തിന്റെ പവിത്രതയിൽ സമ്പന്നവും സമ്പുഷ്ടവുമായ ആ ഒരു വിദ്യാഭ്യാസ രീതി ഭാരതത്തിന്റെ ശ്രേഷ്ഠത തന്നെയായിരുന്നു. അർപ്പണ മനോഭാവം ആയിരുന്നു ഗുരുവിന്റെയും ശിഷ്യന്റെയും പൊതുവായ സവിശേഷത.

ഈ സ്ഥാപനം സമാരംഭിക്കുമ്പോൾ തോമ്മാ മാർ ദീവന്നാസ്യോസിന്റെ മനസ്സിൽ ഇത്തരമൊരു ആശയമായിരുന്നു.

എന്നാൽ കാലത്തിന്റെ കുത്തൊഴുക്കിൽ കൈമോശം വന്ന ഗുണഗണങ്ങളിൽ പ്രകടമായ മാറ്റങ്ങൾ ദൃശ്യമാകുന്നത് വിദ്യാഭ്യാസ മേഖലയിൽ തന്നെയാണ്. എവിടെയൊക്കെയോ ചില പിഴവുകൾ സംഭവിച്ചിരിക്കുന്നുവെന്ന് സമ്മതിക്കാതിരിക്കാൻ നമ്മുക്ക് സാധിക്കുമോ ? ഗുരുവിന്റെ അനിവാര്യത ലഘൂകരിക്കപ്പെട്ടു വരുന്നു. വിരൽ തുമ്പിൽ വിജ്ഞാന വിസ്ഫോടനമായി ശിഷ്യൻ പരിവർത്തന വിധേയനായിരിക്കുന്നു.

ഗുരുവിൽ മാറ്റങ്ങൾ വന്നോ? അന്വേഷണത്വരയും അർപ്പണ മനോഭാവവും ഇല്ലാത്ത അദ്ധ്യാപനത്തെ 'തൊഴിൽ' എന്നതിനപ്പുറം മഹത്തരമായ കർമ്മവും ഒക്കയായി കാണാൻ കഴിയാത്ത 'വെറും ചൊക്കു തൊഴിലാളി' കളിലേക്ക് ഈ വർഗത്തിൽ ചിലരെങ്കിലും മാറിയിട്ടുണ്ടോ? എന്താണ് സമൂഹത്തിനായി നമ്മൾ വാർത്തുവിട്ട ഉൽപ്പന്നങ്ങൾ? തൊഴിൽ നേടാൻ സഹായകമായി എന്നതിനപ്പുറം 'ജീവിക്കാൻ' നാം എത്ര പേരെ പഠിപ്പിച്ചു? ബന്ധങ്ങളിലെ പവിത്രത ഉൾപ്പെടെയുള്ള മൂല്യബോധനം നാം എത്ര നടത്തി? ഗുരുവിനെ പ്രേമിക്കാം എന്ന നിലയിൽ ശിഷ്യൻ വളർന്നു മൂല്യങ്ങളൊക്കെ പഴങ്കഥകളിലെ ചിതലരിച്ച ഏടുകളയി. ലഹരി പദാർത്ഥങ്ങൾ അവനെ സാങ്കൽപ്പികതയുടെ വിശാലമായ ലോകത്തേക്ക് ആനയിച്ചു. ആഹാ... എത്ര സുന്ദരമായ ലോകം. ശിക്ഷയും ശിക്ഷണവും ഒക്കെ മറന്നേക്കു. ഒന്നുകിൽ ഗുരുവിനെ അവൻ 'ക്വട്ടേഷൻ സംഘത്തിന് ' ഏൽപ്പിക്കും. അല്ലെങ്കിൽ 'മാനസ്സിക പീഡന ' കേസ്സിൽ ഗുരു കോടതിവരാന്തയിൽ അലഞ്ഞുതിരിയും ! അതുമല്ലെങ്കിൽ ആത്മഹത്യ പ്രേരണ കുറ്റത്തിന് ഗുരു ആയുഷ്ക്കാലം 'അകത്താകും'. മൂല്യ നിർണയത്തിനായുള്ള പരീക്ഷഹാളുകളിൽ പോലും കണ്ണടച്ച്, കാതടച്ച് പ്രതിമകളായാൽ സ്വന്തം വീട്ടിൽ അനാഥക്കുഞ്ഞുങ്ങളും വിധവയും സൃഷ്ടിക്കപ്പെടില്ല.

മാറണോ...?

ആര്....?

ഗുരുവോ....?


ശിഷ്യനോ...?

വിദ്യാഭ്യാസ സമ്പ്രദായമോ....?

# ഏതാണ് ശരി?

ജോർജ്ജ് തോമസ്
X H

കലുഷിതസാഗരമാം ക്ഷോണിതിലെ
മാനുഷൻ ഓടുന്ന കണ്ടെത്തുവാൻ
"സ്വർഗം ഭൂമിയിലുണ്ടോ?”
ഒരു സന്യാസിയോടി ചോദ്യം ചോദിച്ചു
ലഭിച്ചുത്തരം ഉരുളയ്ക്കുപ്പേരി പോൽ:
ഉണ്ട് മാനുഷ്സ്പർശമേക്കാത്ത
കാനനഭംഗി ആസ്വദിച്ചയാൾ മൊഴിഞ്ഞിങ്ങനെ:
"ഇതാണ് സ്വർഗം?”
ഒരു വ്യാപാരിയോടി ചോദ്യം ചോദിച്ചു
ഉത്തരം നൽകിയയാൾ തൻനിലവറകാണിച്ച്
"ഇതാണ് സ്വർഗം".
ഭ്രാന്താണെന്ന് വിളിപ്പേരുള്ളയാളോടീചോദ്യംചോദിച്ചു
തൻ സ്വതസിദ്ധശൈലിയിലാൾ മൊഴിഞ്ഞു
ഉണ്ട് മനുഷ്യർ മദപ്പാടിൽ നിന്നും
മദപ്പാടിലേക്കു ചലിക്കുകയും ചരിക്കുകയും
ചെയ്യാത്ത ഇടമുണ്ടോ
"അതാണ് സ്വർഗം!”
ഏതാണ് ശരി തീരുമാനമിതാ നിങ്ങൾക്കായ്


Jithu lal
8 - I

# എന്റെ അഭിനയ അനുഭവങ്ങളിലൂടെ.....

സൂരജ് സജീവ്
8J

എന്റെ പേര് സൂരജ് സജീവ് .ഞാൻ ഈ സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിയാണ് .ഞാൻ ജനിച്ചതും ആറു വയസുവരെ വളർന്നതും അറബിനാട്ടിലാണെങ്കിലും ഇതുപോലുള്ള നല്ല അനുഭവങ്ങൾ ലഭിക്കുവാൻ വേണ്ടി ആയിരിക്കാം ഈശ്വരൻ എന്നെ പത്തനാപുരത്തുള്ള "അരുവിത്തറ "എന്ന കൊച്ചു ഗ്രാമത്തിൽ എത്തിച്ചത്.എന്റെ  അഭിനയ ജീവിതത്തെക്കുറിച്ച് പറയുകയാണെങ്കിൽ എന്റെ ആദ്യ അഭിനയം അറബിനാട്ടിൽ നിന്ന് തന്നെയായിരുന്നു. അവിടെനിന്നായിരുന്നു തുടക്കവും സമ്മാനവും .അന്നത്തെ വാർത്ത ഗൾഫ് ന്യൂസിലെ ജീവൻ ടീവിയിൽ കാണിച്ചിരുന്നു .അതിനു ശേഷം ഓൺലൈൻ ചാനലായ മലനാട് ന്യൂസ് ചാനലിന്റെ കിഡ്സ് പ്രോഗ്രാമിന്റെ പ്രോമോ ചെയ്യുവാനുള്ള അവസരം ലഭിച്ചു .അതിനുശേഷം ടെലിഫിലം ,ക്രിസ്മസ് സമ്മാനം ,ഇവൻ ഏകലവ്യൻ ,വിശുദ്ധ പുസ്തകം ,സച്ചിൻ സൺ ഓഫ് വിശ്വനാഥൻ  എന്നി സിനിമകളിൽ പ്രമുഖരോടൊപ്പം തന്നെ അഭിനയിക്കുവാൻ അവസരം ലഭിച്ചു.

എന്നാൽ വെള്ളരിക്കാപ്പട്ടണം എന്ന സിനിമയിൽ അഭിനയിച്ചപ്പോൾ ലഭിച്ച സന്തോഷവും പ്രശസ്തിയും എന്നെ കൂടുതൽ ആത്മവിശ്വാസം ഉള്ളവനാക്കി തീർത്തു . വെള്ളരിക്കാപ്പട്ടണം എന്ന സിനിമയുടെ ഡയറക്ടർ , നായകന്റെ ചെറുപ്പം അഭിനയിക്കുവാൻ നായകന്റെ രൂപസാമ്യമുള്ള ഒരാളെ അന്വേഷിച്ചു നടന്നപ്പോൾ ഫേസ്ബുക്കിൽ നിന്ന് കിട്ടിയ

ഫോട്ടോ കണ്ട് എന്നെ അന്വേഷിച്ച് വീട്ടിൽ എത്തുകയായിരുന്നു .അപ്പോൾ അമ്മയോട് പറഞ്ഞു സൂരജിനെ എനിക്ക് ഈ സിനിമയിലേക്ക് വേണം എന്ന് ഒരു തടസവും പറയരുതേ എന്ന് പറഞ്ഞു. ആദ്യമൊക്കെ അഭിനയിക്കുന്നില്ല എന്ന് വിചാരിച്ച എങ്കിലും ഈശ്വരന്റെ ഇഷ്ടം പോലെ നായകന്റെ രൂപസാമ്യമുള്ള എനിക്ക് അഭിനയിക്കുവാനുള്ള അവസരം ലഭിച്ചത്. "വെള്ളരിക്കാപ്പട്ടണം "എന്ന സിനിമ കൃഷിയെക്കുറിച്ചുള്ള ഒരു സിനിമയാണ്. നാലോളം വരുന്ന പിന്നണി പ്രവർത്തകരും നൂറ്റിഅമ്പതോളം വരുന്ന അഭിനേതാക്കളും ആണ് വെള്ളരിക്കാപ്പട്ടണം എന്ന സിനിമയുടെ പ്രേത്യേകത. ഈ സിനിമയിലെ പാട്ടുകൾ എല്ലാം തന്നെ മലയാളികൾ ഇരുകയ്യും നീട്ടി സ്വീകരിച്ചതാണ്. അൻപത്തിഅഞ്ച് ലക്ഷം കടന്ന ആദ്യഗാനവും അഞ്ച് ലക്ഷം കടന്ന രണ്ടാമത്തെ ഗാനവും അതിനെല്ലാം മുകളിൽ കോടിക്കണക്കിനു മലയാളികൾ കണ്ട ഞാൻ അഭിനയിച്ച "ശൂലം പടയുടെ ചെമ്പട കൊട്ടി കോലം തുള്ളും യേശു" എന്ന ഗാനം എന്നിവ  വെള്ളരിക്കാപ്പട്ടണം എന്ന സിനിമയ്ക്ക് ലഭിച്ച വിജയങ്ങളാണ്  എനിക്ക് അഭിനന്ദനങ്ങളും പ്രോൽത്സാഹനവും തന്ന സ്കൂളിലെ പ്രധാന അധ്യാപകരോടും,കുട്ടികളോടും ഈ സ്കൂളുമായി ബന്ധപ്പെട്ട എല്ലാവരോടും പ്രത്യേകിച്ച് ഈശ്വരനോടും എന്നെ ഞാനാക്കിയ എന്റെ മാതാപിതാക്കളോടും എന്റെ ഡയറക്ടറോടും എന്റെ നന്ദി അറിയിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയും സ്നേഹവും സഹകരണവും എന്നോടൊപ്പം ഉണ്ടാകുമെന്ന വിശ്വാസത്തോടെ

സൂരജ് സജീവ്

# മഴക്കാലം

ജോർജ്ജ് തോമസ്
XH

നീങ്ങും ജലത്തിലാ വാൽമാക്രി പോലുള്ള
കാൽവിരൽ നീട്ടി അയാൾഇരുന്നു മഴക്കാല
സ്വപ്നങ്ങൾ നെയ്യുമ്പോൾ മുന്നിലായി
സമ്പത്തിൽ ദേവത വന്നു നിന്നു
നൂലുപോൽ വെള്ളിനൂൽ പെയ്യുംമഴതൻ സ്വരം
ഉത്തുംഗശൃംഗത്തിലെത്തുമ്പോളയാൾ
ദുരിതമായി മാറുന്ന മറയിതാണെന്നയാൾ
സ്വപ്നത്തിൽ പോലും കരുതിയില്ല സഹ
ഉദരന്റെ പാടോർത്തിറങ്ങിയയാൾ തന്റെ
കൊതുമ്പുപോലുള്ള ഒരു വള്ളവുമായി
ചീട്ടുകൊട്ടാരം പോൽ മഴക്കാല സ്വപ്നങ്ങൾ
തകർന്നിട്ടുമയാളെ ലേശദുഖം പോലും
തീണ്ടിയില്ല സഹ ഉദരനായ ജീവനും
ജീവിതവും നൽകീടുവാൻ ആ ജനം
സുദ്ദഢമായിരുന്നു.

മതിലേത്, വീടേത്, വഴിയേത്, കൂടേത്,
എന്നൊന്നുമറിയാതെ നീങ്ങി. സിവജീവിതവും
നൽകിയും സഹോദരന്റെ ജീവനായ്
വെള്ളത്തിലൂടയാൾ നീങ്ങി.
സകലവിധ ദോഷവും ഭൂമിക്ക് നൽകിയാൽ
പൊറുക്കില്ല എന്നവൻ പഠിച്ച മഴയുടെഭംഗിയും
പ്രളയത്തിൽ ദുരിതവും വെവ്വെറേയെന്ന പഠിച്ച
കണ്ണിൽ മറ്റൊരു മഴക്കാലവുമായി നിന്നൊരു
സോദരി നന്ദിയിൽ വീർപ്പുമുട്ടിച്ച പ്രളയം
നൽകിയ പ്രണയിയുമായുള്ള
പ്രയാണവുമന്നയാൾ  തുടങ്ങി മഴക്കാല
സ്മരണകൾ എന്തിന്റെയൊക്കെയ്യോ  വരവിനും
പോക്കിനുമായിരുന്ന

പ്രളയം തകർത്തൊരാ നാട്ടിലേക്ക്
സഹായത്തിൻ ഹസ്തങ്ങൾ ചെന്നു ലഭിച്ച
ചിലർക്കായി പുരസ്കാരം പത്രിക തുടങ്ങിയ
സമ്മാനമെല്ലാം

# ഒരു വിദ്യാർത്ഥിയുടെ ചിന്തകൾ

ശ്ലോമ്മോ ജോൺ ജോഷി
XC

സെന്റ്സറ്റീഫൻസിൽ പഠിക്കാൻ എത്തിയതുകൊണ്ട് ഞാൻ എന്തെല്ലാം പഠിച്ചു ? വിദ്യാഭ്യാസത്തെപ്പറ്റിയുള്ള എന്റെ ചിന്തകളെല്ലാം ഇവിടുത്തെ അനുഭവത്തിലൂടെ ആർജിച്ചതാണ്. ഇന്ന് വിദ്യാഭ്യാസ മേഖല വളരെ പുരോഗമിച്ചു. എന്നാൽ നമ്മൾ പല കാര്യങ്ങളിലും മാറേണ്ടതുമുണ്ട് . നമ്മുടെ വിദ്യഭ്യാസമേഖല ഇനിയും മാറേണ്ടതുണ്ട് .ഇന്ന് ഒരുതരം അടഞ്ഞ രീതിയിലുള്ള വിദ്യാഭ്യാസമാണ് .

ഇന്ന് ഭൂരിഭാഗം ആളുകൾക്കും പഠനവിഷയങ്ങക്കൾക്കപ്പുറം ഒന്നും പഠിക്കാൻ താൽപ്പര്യമില്ല . ഒരാളുടെ കഴിവുകളും ഉപയോഗപ്പെടുത്തിവേണം വിദ്യാഭ്യാസം പൂർത്തിയാക്കേണ്ടത്. ക്ലാസ്സ് മുറിയുടെ നാലു ചുവരുകളിൽ ഒതുങ്ങിനിൽക്കാതെ പ്രകൃതിയിലേക്ക് ഇറങ്ങിചെന്നാണ് വിദ്യ അഭ്യസിക്കേണ്ടത്. ക്ലാസ്സുകളിൽ നിന്ന് കേൾക്കുന്നതിനുമപ്പുറം പ്രകൃതിയിൽ നിന്ന് കണ്ടും കേട്ടും ആർജിച്ചെടുക്കുന്നവിദ്യഭ്യാസം പതിനാലു വയസ്സുവരെയുള്ള എല്ലാ കുട്ടികളും നിർബന്ധമായും സൗജന്യമായ

വിദ്യാഭ്യാസമാണ് ലഭിക്കേണ്ടത് എന്ന് നമ്മുടെ ഭരണഘടന അനുശാസിക്കുന്നു.

എന്നാൽ കാര്യങ്ങൾ ഇതുപോലെ നടക്കുന്നില്ല വിദ്യഭ്യാസമേഖലയിൽ രാജ്യമൊട്ടാകെ ഒരു ഏകീകൃത സംവിധാനം ഉണ്ടാകേണ്ടതാണ് മതേതരത്വവും തുല്യതയും മൂല്യബോധവും ഉയർത്തികാട്ടുന്നതായിരിക്കണവിദ്യാഭ്യാസം.
ഇന്ന് സർക്കാർ നിരവധി പദ്ധതികൾ വിദ്യഭ്യാസമേഖലയ്ക്ക് പ്രഖ്യാപിച്ചിട്ടുണ്ട് DPEP , SSA, RMSA തുടങ്ങിയവ അതിൽ ചിലതാണ് .ഇപ്പോൾ കേന്ദ്രസർക്കാർ ഇതിനായി പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ട്.

സമൂഹത്തിന്റെ എല്ലാ കോണുകളിലും അറിവിന്റെ വെളിച്ചമെത്തിക്കാൻ സമൂഹവും സർക്കാരും ഉണർന്ന്പ്രവർത്തിക്കേണ്ടതാണ് സമൂഹത്തിന്റെ താഴെക്കിടയിലുള്ളവർക്കും തുല്യമായ വിദ്യാഭ്യാസം ഇല്ലാതാക്കുന്ന കാര്യങ്ങളാകരുത് ഇങ്ങനെയൊക്കെ പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ വിദ്യഭ്യാസമേഖലയ്ക്ക് മുന്നേറാൻ കഴിയുകയുള്ളു.

# ഉയരം

മുഹമ്മദ്സൗദം.എ
X:C

എനിക്കു മുകളിൽ തലപൊക്കി-
ക്കുലച്ചു നിൽക്കും തെങ്ങുകളെ...
എനിക്ക് മുകളിൽ കളിചൊല്ലി-
ചെലച്ചു പാറും പറവകളെ...
എനിക്കു മുകളിൽ ചിരിതൂകി
തിളങ്ങി നിൽക്കും താരകളെ..
നിങ്ങടെ മുന്നിൽ ഞാനേറെ
ചെറുതായി ചെറുതായി തോന്നുന്നു !



# ലിറ്റിൽകൈറ്റ്സിലെ അനുഭവങ്ങളിലൂടെ

**ശ്രീഹരി**

9H

നല്ലയൊരു അനുഭവമായിരുന്നു ലിറ്റിൽ കൈറ്റ്സിന്റെ ഇത്രയും നാളത്തെ ക്ലാസുകൾ. ഇതിലൂടെ എനിക്ക് കുറെ കാര്യങ്ങൾ പഠിക്കാൻ പറ്റി.കുറെ കൂട്ടുകാരെ കിട്ടി. ഇതിൽ കംപ്യൂട്ടറിലെ പല സാങ്കേതികവിദ്യകൾ മനസ്സിലാക്കാനും ഉപയോഗിക്കാനും പഠിച്ചു. ഒരു ചിത്രത്തെ ചലിപ്പിക്കാനും അതുപയോഗിച്ച ആനിമേഷൻ വീഡിയോസ് ഉണ്ടാക്കാനും അത് ഒരുമിച്ചുചേർത്തു ഒറ്റ വീഡിയോ ആക്കാനും പഠിച്ചു. അനിമേഷന്റെ ഉപജില്ലാ ക്യാമ്പ് അറ്റന്റ് ചെയ്യാൻ എനിക്ക് അവസരം കിട്ടി. അവിടെ ഒരു കഥയുടെ അടിസ്ഥാനത്തിൽ ചിത്രങ്ങൾ തന്നിട്ട് അതുപയോഗിച്ച ആനിമേഷൻ മൂവി ഉണ്ടാക്കാനും ഓഡാസിറ്റി ഉപയോഗിച്ച് സൗണ്ട് എഡിറ്റ് ചെയ്യാനും അത് വീഡിയോയിൽ ചേർക്കാനും ബ്ലെൻഡർ ഉപയോഗിച്ച് ആനിമേറ്റഡ് ടൈറ്റിൽസ് ഉണ്ടാക്കാനും ഓപ്പൺഷോട്ട് ഉപയോഗിച്ച് വീഡിയോ എഡിറ്റുചെയ്യാനും പഠിച്ചു അതുകഴിഞ്ഞു സ്കറാച്ചിൽ പ്രോഗ്രാം ചെയ്യാനാണ് പഠിച്ചത് പ്രോഗ്രാം ചെയ്ത് വീഡിയോ ഉണ്ടാക്കാനും വിവിധ

കമ്മാന്റുകൾ പഠിച്ച പ്രോഗ്രാം ചെയ്ത് സെൻസിംഗ് കാർ ഉണ്ടാക്കാനമൊക്കെ പഠിച്ച എന്നിട്ട് പിന്നെ മലയാളം ടൈപ്പിംഗ് ആണ് പഠിച്ചത് പിന്നെ ടൈപ്പ് ചെയ്തത് എഡിറ്റ് ചെയ്യാനും പഠിച്ച. ഈ കാര്യങ്ങൾ എനിക്ക് മാത്രമല്ല എല്ലാ ലിറ്റിൽ കൈറ്റ്സിനും ഭാവിയിൽ ഉപകാരപ്പെടുമെന്ന് ആഗ്രഹിച്ചുകൊണ്ട് ഇനിയും കുറെയേറെ പഠിക്കാൻ പറ്റുമെന്ന് കരുതുന്നു



# *My Garden Smiles*

My garden smiles
Welcoming the spring,

Roses, beautiful roses,
With fragrance and beauty,
Ringing tunes of the honey bees
Lovely scene, everywhere
My garden smiles.

The enchanting scene entered me
Blossomed happiness in my body and
Variety of roses,
One lovely family of roses,
Presiding the dynamic scene,
With pleasant fragrant breeze,
My garden smiles.



All the roses fully blossomed towards the sky
It was a miracle to see.
A pleasant beautiful voice
Echoed from rose family,
O’ my friend, look at the sky.



# ROBOTICS

Ashith. S
**IX : I**

Robotics is a branch of engineering that involves the conception,design,manufacture and operation of robots. This field overlaps with electronics,computer science,artificial intelligence,mechatronics,nanotechnology and bioengineering.

Science-fiction author Isaac Asimov is often given credit for being the first person to use the term robotics in a short story composed in the 1940.In the story Asimov suggested three principles to guide the behaviour of robots and smart machines. Asimov's three law of robotics,as they are called have survived to the present

- Robots must never harm being.
- Robots must follow instruction from with out violating rule.
- Robots must-protect the selves with out violating the other rules.

# Laugh Your Heart Out !!!

## Perfect son

A: I have the perfect son.
B: Does he smoke?
A: No, he doesn't.
B: Does he drink whiskey?
A: No, he doesn't.
B: Does he ever come home late?
A: No, he doesn't.
B: I guess you really do have the perfect son.
How old is he?
A: He will be six months old next Wednesday

## Fractured

Man : "Doctor, wherever I touch, it hurts."
Doctor : "What do you mean?"
Man : "When I touch my shoulder, it really hurts. If I touch my knee - OUCH!

When I touch my forehead, it really, really hurts."

Doctor : "I know what's wrong with you - you've broken your finger!"

## Bow... Bow...

Teacher : Sam, What is the outer most part of the tree called?

Sam : I don't know , Sir?

Teacher : Bark, Sam , Bark

Sam : Bow.... Bow...

## Lunch

Mother: Why on earth did you swallow the money I gave you?

Chippy: You said it was my lunch money!!

# $H_2O$

Teacher : What is the chemical formula of water? Sony..

Sony : hijklmno

Teacher : What are you talking about?

Sony :Yesterday you said its H to O.




# Winding Woods of Wayanad

**Kevin Daniel**

**IX : I**

Our wonderful trip to Wayanad. After the trip to Chikmangalor, we waited for the next ride something more adventurous. Our group members came up with a place ‘Wayanad’. We just knew it was in Kerala. We the students of St. Stephens school collected information of Wayanad from our friends. Wayanad is a district in Kerala , known for wildlife, waterfalls, beautiful sceneries. It was the best way to travel because most part of the journey will be greenery and beautiful scenery.



We had to rethink about the destination, train or bus. We remembered the tough situations we had been through in our last bus trip due to decisions made by our teams. So we decided to listen to our teams this time and we choose bus again as our drive. When heart and mind are set to one decision nothing can go wrong. Well most of them whom we know reacted like this “What????A  bus trip?? Are you joking, Go by bus??, train will be best and cheap, you guys are crazy, what if something goes wrong? Why don't we plan something else a one day trip”Finally we reached Wayanad and we were all tired and exhausted. We checked in to our hotel and rested for a while. We decided our plans for the next 3 days. We wanted to explore Wayanad as much as possible. Here is our plans...

Day 1: Trek Chembra peak and soochipara falls
Day 2: Muthunga wildlife sanctuary, Edakkal caves.
Day 3:Tholpetty wildlife sanctuary & Ride back home



Day 1:Trek Chembra Peak and Soochipara Falls..

We woke up at 6am, We had our breakfast. Chembra peak was just 7 km from our hotel. We reached ticket counter around 8am , we were going by their jeep which they gave us. The road was horrible we felt it is kept that way just to get their Jeep business running. We had to stand on the foot pegs to save our leg till we reached the trekking point. To trek Chembra Peak and Soochipara Falls..red meters you will get to walk between the tea estate and feels good to walk between the tea plantation Then we got the feel of trekking.



**Day 2: Muthunga Wildlife Sanctuary, Edakkal Caves.**

We woke up around 6.30 am packed essentials and started riding towards Muthanga Wildlife Sanctuary. We were told that it's right place to spot wild animals. We reached Muthanga around 8am but for our bad luck all the safari jeeps were all booked. We did not want to waste time so we carried down to Edakkal caves. We reached Edakkal caves at 9.30am. You need to climb several steps to get into the cave, like trekking. It's not like any other cave. This cave also has a history, our guide showed us writings on the cave walls written in Tamil Brahmin language. We had

lunch on the way and stayed and looked at the artifacts inside for an hour.... We all enjoyed the Edakkal caves Day

**Day 3: Tholpetty Wildlife Sanctuary & Ride back home**

We woke up  around 5.30 and it was very cold in the morning. It was really a beautiful experience riding towards Tholpetty, now and then you get to see spotted deers. We reached Tholpetty half an hour early than expected booked safari Jeeps. The guide said that there are wild tiger's in the forest and when we got to see the Jeep we were shocked.  It was a open Jeep so either there are no tiger's in the forest or we were about to be free meal to hungry tigers. We did spot wild squirrel, birds, monkey's and lot of deers. The day was a very interesting and an adventures day. We were going back home.



I have learnt two thing's from this trip, one: driving style differs from place to place and it was proved when we reached place called Puttur. Since we were adjusted to calm riding traffic of Wayanad all of a sudden rash driving near Puttur was tough for us. We just parked our bus by the side of the road, just to cool our head. We all reached home and we all enjoyed the trip and it was interesting....

THANK YOU....



# THE MONTHS

Nevin Mathew
IX : I

January brings the snow
Makes ones Feet and Fingers glow
February brings the rain
Thaws the Frozen lake again
March brings breezes ,loud and shrill,
To stir the dancing daffodils
April brings the primrose sweet
Scatters daisies at our Feet
May brings Flocks of pretty lambs
Skipping by their Fleecy dames
June brings tulips,lilies,roses
Fills the children's hand with poises
Hot July brings cooling showers
Apricots and Gilly Flower
August  brings the sheaves of corn
Then the harvest home is borne
Warm September brings the fruit
Sportsmen then begin to shoot

Fresh October brings the pheasant
Then to gather nuts is pleasant
Dull November brings the blast
Then the leaves are whirling  fast
Chill December brings the sleet
Blazing fire and Christmas treat



# കൃതജ്ഞത

ററിജി പി തോമസ്

പൊതു വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി സാങ്കേതികവിദ്യയായി കുട്ടികളെ മികവുറ്റവരാക്കി മാറ്റാൻ പദ്ധതിയായി ലിറ്റിൽ കൈറ്റ്സിന്റെ ആദ്യ സംരഭം ' ***DIGI VISTA*** ' നിങ്ങൾക്കായി സമർപ്പിക്കുന്നു ഇത് നമ്മുടെ കുട്ടികളുടെ സാങ്കേതിക വളർച്ചയക്ക് ഒരു നാന്ദി കുറിക്കട്ടെ ഡിജി വിസ്റ്റ ഒരു യഥാർത്ഥ്യമാക്കാൻ സഹായിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നു.



# KITE MISTRESS

